**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1528 | 04.12.2015-ൽ മറുപടിക്ക്

## പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജെയിംസ് മാത്യു | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) പാക്കറ്റ് പാലുകളിലെ പ്രിസർവേറ്ററുകളുടെ അളവ് പരിശോധിക്കുന്ന വ്യവസ്ഥ നിലവിലുണ്ടോ ; എങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളിലാണ് അവ പ്രവർത്തിച്ചുവരുന്നത്; ഇല്ലെങ്കിൽ പുതുതായി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?. | (ബി) | ഉണ്ട്. ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്റ്റ് 2006 പ്രകാരം പായ്ക്കറ്റ് പാലുകളിലെ പ്രിസർവേറ്ററുകളുടെ സാന്നിധ്യം, അളവ് എന്നിവ പരിശോധിക്കുന്നതിനുള്ള അധികാരം ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമായിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലുള്ള അനലറ്റിക്കൽ ലബോറട്ടറികളിൽ പാലുകളിലെ പ്രിസർവേറ്ററുകളുടെ അളവ് പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ പുതിയതായി സംസ്ഥാനത്ത് നിലവിൽ വരുന്ന 2 മൊബൈൽ ലബോറട്ടറികളിലും പാൽ സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇതിന് പുറമേ ക്ഷീരവികസന വകുപ്പിലെ ഐ.എസ്.ഒ സർട്ടിഫൈഡ് സ്റ്റേറ്റ് ഡെയറി ലാബിലും, ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസ് ലാബിലും, മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന ഡയറികളിലും പ്രസ്തുത സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ